കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - പീരുമേട് നിയോജകമണ്ഡലം-കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ ഏന്തയാർ റോഡിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി - ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2221/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 10.10.2019

പരാമർശം :- 1. 17/01/2015 ലെ സ.ഉ(സാധാ.)നം.152/2015/തസ്വഭവ

2. ബഹു. പീരുമേട് എം.എൽ.എ ശ്രീമതി ഇ.എസ്. ബിജിമോളുടെ 03/06/2019 ലെ കത്ത്

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27/06/2019 ലെ നം. ഡിബി6/7221/2019/സിഇ/തസ്വഭവ നം. കത്ത്

## ഉത്തരവ്

പീരുമേട് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ യുടെ 2014-15 സാമ്പത്തികവർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ ഏന്തയാർ റോഡിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ആകെ 50 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ ഡിപിആർ തയ്യാറാക്കിയത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ആയിരുന്നതിനാൽ മേൽ ഭരണാനുമതി ഉത്തരവിൽ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി ഉത്തരവ് ഭേദഗതി വരുത്തി നല്കണമെന്ന ബഹു.എം.എൽ.എ യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പീരുമേട് നിയോജക മണ്ഡലത്തിലെ കൊക്കയാർ ഗ്രാമ പഞ്ചായത്തിലെ ഏന്തയാർ റോഡിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തി പരാമർശ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) പരാമർശ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ശ്രീമതി ഇ.എസ്. ബിജിമോൾ ,എം.എൽ .എ (ആമുഖ കത്ത് സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

സെക്രട്ടറി,കൊക്കയാർ ഗ്രാമ പഞ്ചായത്ത്,പീരുമേട്

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/202/2018/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ